## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1765** | **04.12.2018-ൽ മറുപടി നൽകേണ്ടിയിരുന്നത്**

### തദ്ദേശസ്വയംഭരണ വകുപ്പിലെ ദേശീയ പെൻഷൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.സി. ജോർജ്** | **ശ്രീ.എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി** |
| (എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ഏതൊക്കെ വകുപ്പുകളിലും അതോറിറ്റികളിലും സ്ഥാപനങ്ങളിലും ദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദമാക്കുമോ; | (എ) ഗ്രാമവികസന വകുപ്പ്, പഞ്ചായത്ത് വകുപ്പ്, നഗരകാര്യ വകുപ്പ്, മുഖ്യനഗരാസൂത്രകന്റെ കാര്യാലയം, തദ്ദേശസ്വയംഭരണ (എഞ്ചിനീയറിംഗ്) വിഭാഗം, വിശാലകൊച്ചി വികസന അതോറിറ്റി, തിരുവനന്തപുരം വികസന അതോറിറ്റി, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്മെന്റ് ഏജൻസി എന്നിവിടങ്ങളിൽ ദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ദേശീയ പെൻഷൻ പദ്ധതി വിഹിതം (ജീവനക്കാരന്റെയും സ്ഥാപന ത്തിന്റെയും) അടയ്ക്കാതെ കുടിശ്ശിക വരുത്തിയത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ടി സ്ഥാപനങ്ങൾ ഏതൊക്കെ ആണെന്ന വെളിപ്പെടുത്തുമോ; | (ബി) ഉണ്ട്.<br>(i) കോട്ടയം ജില്ലയിലെ മേലുകാവ് ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് ഫണ്ടിന്റെ കുറവ് കാരണം ദേശീയ പെൻഷൻ പദ്ധതിയുടെ പഞ്ചായത്ത് വിഹിതം കുടിശ്ശികയാണ്.<br>(ii) മുനിസിപ്പൽ കോമൺ സർവീസിൽ 9/2016 മുതലാണ് ദേശീയ പെൻഷൻ പദ്ധതി വിഹിതം ഒടുക്കിത്തുടങ്ങിയത്.<br>(iii) കിളിമാനൂർ ബ്ലോക്ക്, തൊടുപുഴ ബ്ലോക്ക്, തളിക്കുളം ബ്ലോക്ക്, മാള ബ്ലോക്ക്, ആലത്തൂർ ബ്ലോക്ക്, ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ ഓഫീസ്, കാസർഗോഡ്. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ |

ഓഫീസ്, മലപ്പുറം, പെരിന്തൽമണ്ണ ബ്ലോക്ക്, നിലമ്പൂർ ബ്ലോക്ക്, മലപ്പുറം ബ്ലോക്ക് എന്നിവിടങ്ങളിൽ ദേശീയ പെൻഷൻ പദ്ധതിയുടെ വിഹിതം കുടിശ്ശികയാണ്.

(സി) ടി വിഷയത്തിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ;

(സി) മേലുകാവ് പഞ്ചായത്തിൽ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് കുടിശ്ശിക ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മുനിസിപ്പൽ കോമൺ സർവീസിൽ 4/2013 മുതലുള്ള കുടിശ്ശിക ഒടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഗ്രാമവികസന വകുപ്പിൽ കുടിശ്ശിക തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഗഡുക്കളായി ഈടാക്കി അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) തദ്ദേശസ്വയംഭരണ വകുപ്പുകളുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ ദേശീയ പെൻഷൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത എത്ര ജീവനക്കാർ ഉണ്ട്, രജിസ്റ്റർ ചെയ്യാത്ത എത്ര പേർ ഉണ്ട്, വിശദമാക്കുമോ?

(ഡി)

| വകുപ്പ് | അംഗങ്ങളായവരുടെ എണ്ണം | അംഗങ്ങളാകാത്തവരുടെ എണ്ണം |
|---|---|---|
| ഗ്രാമവികസനം | 995 | 47 |
| പഞ്ചായത്ത് | 2788 | 332 |
| നഗരകാര്യം | 1624 | 19 |
| എഞ്ചിനീയറിംഗ് വിഭാഗം | 1353 | 153 |
| നഗര-ഗ്രാമാസൂത്രണം | 92 | 3 |

സെക്ഷൻ ഓഫീസർ